**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 101** **27-07-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളുടെ സാമ്പത്തിക ഭദ്രത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് 2021-ൽ ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാന സർവ്വകലാശാലകളിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് ജി.ഒ(പി) നം. 87/2021/ഫിൻ തീയതി 24/06/2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം പെൻഷൻ ബാധ്യത സർവ്വകലാശാലകളുടെ തനത് ഫണ്ടിൽ നിന്നും നിറവേറ്റണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ബി) | ചെയ്തിട്ടുണ്ട് |
| (സി) | പ്രസ്തുത വ്യവസ്ഥ സർവ്വകലാശാലകളുടെ സാമ്പത്തിക ഭദ്രതയേയും അക്കാദമിക പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക ചെലവഴിക്കുന്നതിനേയും ദോഷകരമായി ബാധിക്കുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്; സർവ്വകലാശാലകളിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ സർവ്വകലാശാലകൾ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പ്രതിനിധികളുമായി നടത്തിയ അവലോകന യോഗത്തിൽ സർവ്വകലാശാലകളിൽ വിവിധ അക്കൗണ്ടുകളിൽ പെൻഷൻ നൽകുന്ന ആവശ്യത്തിലേയ്ക്കായി മതിയായ തുക നീക്കിയിരിപ്പുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നൽകിയ രേഖകളിൽ നിന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു നിർദ്ദേശം പുറപ്പെടുവിച്ചത്. തുകയുടെ വിശദവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ഡി) | സർവ്വകലാശാലകളുടെ അക്കാദമിക നിലവാരവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിനായി പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. ഇക്കാര്യത്തിൽ സർവ്വകലാശാലകളു മായി ആശയവിനിമയം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

33 അനുബന്ധം

# പെൻഷൻ ഫണ്ട്

| ക്രമ നമ്പർ | സർവകലാശാലയുടെ പേര് | സ്ഥാപിതമായ വർഷം | സ്റ്റാറ്റ്യൂട്ട് നിലവിൽ വന്ന വർഷം | പെൻഷൻ ഫണ്ട് | അനുമതി | ഫണ്ടിലുള്ള തുക | നിലവിൽ പെൻഷൻ വിതരണം . |
|---|---|---|---|---|---|---|---|
| 1 | Kerala University | 1937 | 1977 | 1st സ്റ്റാറ്റ്യൂട്ടിൽ പെൻഷൻ ഫണ്ടിനെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ പെൻഷൻ ഫണ്ടായി രൂപീകരിച്ചിട്ടില്ല | | 2,43,18,01,492/- | Non- Plan Grant of Govt |
| 2 | Calicut University | 1968 | 1975 | സർവകലാശാലയുടെ 1978-ലെ ആദ്യ ഓർഡിനൻസ് ചാപ്റ്റർ 14(5)- പെൻഷൻ ഫണ്ടിനെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. എന്നാൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല | | | |
| 3 | CUSAT | 1971 | 1975 | സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ സിൻഡിക്കേറ്റ് തീരുമാനപ്രകാരം പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട് | സിൻഡിക്കേറ്റ് അനുമതി ലഭ്യമായിട്ടുണ്ട് | | Non- Plan Grant of Govt |
| 4 | Agriculture University | 1971 | 1972 | SRO No.815/79 & as per KAU Act 44 a pension fund of acct no.722 is maintained in District Treasury | | 24,843/- | |
| 5 | M G University | 1983 | 1997 | No | | | Non- Plan Grant of Govt & Own Fund |
| 6 | Sankaracharya University | 1993 | 1994 | 1st സ്റ്റാറ്റ്യൂട്ടിൽ പെൻഷൻ ഫണ്ടിനെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ പെൻഷൻ ഫണ്ടായി രൂപീകരിച്ചിട്ടില്ല | | 2,29,10,461/- | പെൻഷൻ ഫണ്ട് സ്ഥിര നിക്ഷേപങ്ങളിൽ നിന്നും |
| 7 | Kannur University | 1995 | 1998 | Sy. Reg No-2005-309 dated 24.08.2005 സ്റ്റാറ്റ്യൂട്ട് പ്രകാരം പെൻഷൻ ഫണ്ട് നിലവിൽ ഉണ്ട്. | സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട് | 68 cr | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | NUALS | 2005 | 2006- Regulations | | | 2 Cr | |
| 9 | Health University | 2009 | 2013 | സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്യുന്നില്ല. | സർക്കാരിന്റെ അനുമതിക്കായി കത്ത് നൽകിയിട്ടുണ്ട് | | |
| 10 | KVASU | 2010 | 2014 | രൂപീകരിച്ചിട്ടുണ്ട്. As per KVASU Act 6th Chapter | | | |
| 11 | KUFOS | 2010 | 2013 | KUFOS ACT Sub Rule 62 പ്രകാരം പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. സർക്കാർ അനുമതി ലഭ്യമായിട്ടില്ല | Decision No.937/17 of the 46th Session of GC held on 7.06.2017 & 1070/2017 dated 15.12.2017 | 20,98,826/- | Non- Plan Grant of Govt |
| 12 | Malayalam University | 2012 | നിലവിൽ വന്നിട്ടില്ല | പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട് | സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട് | 1;23,22,389/- | |

സെക്ഷൻ ഓഫീസർ